(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 116 കമ്പനികൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പൂർണ്ണവിവരം ലഭിച്ചിട്ടില്ല. ഇത് ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ ഇതുവരെ 69345 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

9 (1730) സംസ്ഥാനത്തെ വ്യവസായ പാർക്കുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം എത്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്നും എവിടെയൊക്കെയാണെന്നും അറിയിക്കുമോ:

(ബി) ഓരോ വ്യവസായ പാർക്കിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ പാർക്കിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്ന എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) ഓരോ വ്യവസായ പാർക്കിലും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വിദ്യുച്ഛക്തി, കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ്, ജലവിതരണ കുഴലുകൾ, ചുറ്റുമതിൽ, മുള്ളുവേലി എന്നിവയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ഏകജാലക സംവിധാനംവഴി ലൈസൻസ് ലഭിക്കുന്നതിനുവേണ്ട സഹായവും ചെയ്യുന്നതാണ്.

10 (1731) കുണ്ടറ അലിൻഡ്

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ അലിൻഡിന് സംസ്ഥാനത്ത് എത്ര യൂണിറ്റുകളുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര യൂണിറ്റുകൾ ഇപ്പോൾ ഭാഗികമായി പ്രവർത്തിക്കുന്നു;

(സി) ഏതെല്ലാം യൂണിറ്റുകൾ അടച്ചിട്ടുണ്ട്;

(ഡി) എന്നു മുതലാണ് ഇവ അടഞ്ഞുകിടക്കാൻ തുടങ്ങിയത്;

(ഇ) ഇവ അടച്ചതുമൂലം എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടു?

ഉത്തരം

(എ) നാലു മാനുഫാക്ചറിംഗ് യൂണിറ്റുകളും ഒരു ഇലക്ട്രിക്കൽ കോൺട്രാക്ടിംഗ് ഡിവിഷനും തിരുവനന്തപുരത്തെ കോർപ്പറേറ്റ് ഓഫീസും കൊച്ചിയിലെ റീജിയണൽ ഓഫീസും.

(ബി) രണ്ടു യൂണിറ്റുകൾ.

(സി) കുണ്ടറയിലുള്ള കേബിൾ വർക്സ്, സ്റ്റീൽ പ്രോഡക്ട്സ് ഡിവിഷൻ എന്നീ യൂണിറ്റുകളും തിരുവനന്തപുരത്തെ ഇലക്ട്രിക്കൽ കോൺട്രാക്ടിംഗ് ഡിവിഷനും കോർപ്പറേറ്റ് ഓഫീസും അടച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്തെ ഇലക്ട്രിക്കൽ കോൺട്രാക്ടിംഗ് ഡിവിഷന്റെ പ്രവർത്തനം 26.5.97 മുതലും കുണ്ടറയിലെ കേബിൾ വർക്സിന്റെയും സ്റ്റീൽ പ്രോഡക്ട്സ് ഡിവിഷന്റെയും തിരുവനന്തപുരത്തെ കോർപ്പറേറ്റ് ഓഫീസിന്റെയും പ്രവർത്തനം 30.11.98 മുതലും ഔദ്യോഗികമായി നിർത്തിവച്ചിരിക്കുകയാണ്.

(ഇ) ഈ യൂണിറ്റുകളിൽ ജോലി ചെയ്തിരുന്ന ഏതാണ്ട് 500 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു.

11 (1733) വനിതാവ്യവസായ സഹകരണ സംഘങ്ങൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും വർക്ക് ഷെഡ് നിർമ്മിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര ബ്ലോക്കിലെ ഈരേഴ വനിതാ വ്യവസായ സഹകരണ സംഘത്തിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിനും ജില്ലാ പഞ്ചായത്തിനും നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ എത്രയും വേഗം അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് യാതൊരു പദ്ധതിയും നിലവിലില്ല. എന്നാൽ ഇവയെ വനിതാ വ്യവസായ സ്കീമിൽ ഉൾപ്പെടുത്തി, കെട്ടിട നിർമ്മാണ ഗ്രാന്റ് നൽകുന്നുണ്ട്.

(ബി) ഈരേഴ വനിതാ വ്യവസായ സഹകരണ സംഘത്തിന് ഗ്രാന്റ് നൽകുന്നതിന് സമർപ്പിച്ച ലെറ്റർപാഡിലുള്ള അപേക്ഷ, ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അനന്തരനടപടികൾക്കായി അയ

LIBRARY ARCHIVES Kerala Legislative Assembly